# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

02-05-2017 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **1324**

## വിഴിഞ്ഞം തുറമുഖ നിർമ്മാണ പുരോഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.അബ്ദുറഹിമാൻ : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന്റെ സ്വപ്ന പദ്ധതി യായ വിഴിഞ്ഞം തുറമുഖ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെ ന്നും ഉണ്ടെങ്കിൽ പ്രസ്തുത നിർമ്മാണ പുരോഗതി തൃപ്തികരമാണോയെന്നും വ്യക്തമാക്കുമോ ; | (എ) | നിർമ്മാണ പുരോഗതി ക്രമമായി വിലയിരുത്തുന്നുണ്ട്. നിലവിൽ നിർമ്മാണ പുരോഗതി തൃപ്തികരമാണ്. |
| (ബി) | പ്രസ്തുത പദ്ധതി ഉദ്ദേശിച്ച കാലയളവിൽ പൂർത്തിയാ ക്കാൻ കഴിയുമോ ; എങ്കിൽ എന്നത്തേക്ക് പൂർത്തിയാ ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | കരാർ പ്രകാരം ആദ്യഘട്ടപ്രവർത്തനം തുടങ്ങാൻ അനുവദിച്ചിട്ടുള്ള നാല് വർഷ കാലയളവിനുള്ളിൽ ( 2019 ഡിസംബർ 4-ാം തീയതി ) പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | വിഴിഞ്ഞം തുറമുഖം ലാഭകര മായി പ്രവർത്തിക്കുമെന്ന തിന് വ്യക്തമായ പഠനം നടന്നിട്ടുണ്ടോ ; നിർമാണം പൂർത്തിയായി എപ്പോൾ മുതലാണ് സർക്കാർ ലാഭം പ്രതീക്ഷിക്കുന്നത് എന്നിറിയി ക്കാമോ ? | (സി) | ആദ്യഘട്ടത്തിൽ പദ്ധതി ലാഭകരമായിരിക്കില്ല എന്നാൽ ഈ പദ്ധതിമൂലം ഉണ്ടാകാവുന്ന സാമ്പത്തിക വികസനം (Economic development) കണക്കിലെടുത്ത് കേന്ദ്ര സർക്കാർ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകിയാണ് പദ്ധതിനിർമ്മാണം നടത്തുന്നത്. പദ്ധതിയിൽ നിന്നും ആദ്യഘട്ട നിർമ്മാണം പൂർത്തിയായി 15-ാം വർഷം മുതൽ മൊത്തം വരുമാനത്തിന്റെ ഒരു ശതമാനം എന്ന കണക്കിൽ തുടങ്ങി ഓരോ വർഷവും ഒരു ശതമാനം വീതം കൂട്ടുന്ന തരത്തിലാണ് (പരമാവധി 40%) സർക്കാരിനുള്ള വരുമാനവിഹിതം കരാറിൽ നിഷ്കർഷിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ